# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1584**

**02.07.2015 - ൽ**
**മറുപടിക്ക്**

## പടന്നക്കാട് കാർഷിക കോളേജിലെയും പീലിക്കോട് പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രത്തിലെയും ഒഴിവുകൾ

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെയും പീലിക്കോട് പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രത്തിലെയും ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇവിടങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

എ) സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികകളുടെ നിയമനവും യോഗ്യതകളും നിഷ്കർഷിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ ആയ എസ്.ആർ.ഒ 264/72, എസ്.ആർ.ഒ 1245/86 എന്നിവ 1986 യുജിസി പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുള്ളതാണ്. 2006 യുജിസി പദ്ധതിയനുസരിച്ചുള്ള ശമ്പള പരിഷ്കരണം 01/01/2006 മുതൽ കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കുകയും ഇതുമായി ബന്ധപ്പെട്ട 2010 യു.ജി.സി റെഗുലേഷൻസ് കേരള സർക്കാരും കേരള കാർഷിക സർവ്വകലാശാലയും അംഗീകരിച്ചിട്ടുണ്ട്. 2010 യു.ജി.സി. റെഗുലേഷൻസ് അനുസരിച്ചുള്ള മാനദണ്ഡപ്രകാരം അദ്ധ്യാപക തസ്തികകളുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്ത സർവ്വകലാശാല ചാൻസിലർ കൂടിയായ ബഹുമാനപ്പെട്ട കേരള ഗവർണറുടെ അംഗീകാരം തേടേണ്ടതുണ്ട്.

ഇതിനു വേണ്ട നടപടികൾ സർവ്വകലാശാലയുടെ വിവിധ സമിതികളിൽ നടന്നു വരികയാണ്. ടി ഭേദഗതി നിലവിൽ വന്നതിനുശേഷമേ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജ്, പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം എന്നിവയടക്കം സർവ്വകലാശാലയിലെ ഒഴിവുള്ള അദ്ധ്യാപക തസ്തികകളിലേയ്ക്ക് സ്ഥിരം നിയമനം നടത്താൻ സാധിക്കുകയുള്ളു.

18/12/2010 ലെ സർക്കാർ ഉത്തരവു നമ്പർ (എം.എസ്) 399/10/ഉ.വി.വ പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് സർക്കാർ ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക വിഭാഗം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക്

സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിന് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തിട്ടുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനുള്ള നിയമ ഭേദഗതിയും മറ്റു നടപടി ക്രമങ്ങളും പൂർത്തിയാക്കിയ ശേഷമേ ഒഴിവുള്ള തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തുവാൻ സാധിക്കുകയുള്ളു.

പടന്നക്കാട് കാർഷിക കോളേജിൽ നിലവിൽ 9 അദ്ധ്യാപക തസ്തികകളും 26 അനദ്ധ്യാപക തസ്തികകളും, പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിലവിൽ 18 അദ്ധ്യാപക തസ്തികകളും 48 അനദ്ധ്യാപക തസ്തികകളും ഒഴിഞ്ഞുകിടക്കുന്നുണ്ട്.

Swapna

**സെക്ഷൻ ഓഫീസർ**